"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 19.08.2022 ലെ 6(1), 27.08.2022 ലെ 11(1) നമ്പർ എന്നീ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3176/2022/LSGD തീയതി,തിരുവനന്തപുരം, 23-12-2022

---

പരാമർശം:-

1. വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 19.08.2022 ലെ 6(1) നമ്പർ തീരുമാനം.
2. വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ 27.08.2022 ലെ 11(1) നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടറുടെ 08/11/2022 ലെ PAN/15646/2022-C3(DP) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ ശ്രീ. ശശിധരൻ വി, മാനേജിംഗ് ഡയറക്ടർ, ഭഗവത് ഗ്രാനൈറ്റ്സ് എന്നയാൾ ക്രഷർ മെറ്റൽ & സാന്റ് മാനുഫാക്ചറിംഗ് യൂണിറ്റ് നടത്തുന്നതിന് 900 എച്ച്.പി. മോട്ടോർ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ റോഡുകൾ കേടാകും എന്ന കാരണത്താൽ അനുമതി നൽകേണ്ടതില്ലായെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തു.

(2) മതിയായ രേഖകൾ സഹിതം സമർപ്പിച്ച അപേക്ഷ നിരസിക്കുന്നത് നിയമപരമായി തെറ്റായതിനാൽ പാരമർശം (1) തീരുമാനത്തിൽ സെക്രട്ടറി വിയോജനം രേഖപ്പെടുത്തുകയും ആയത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം (2) പ്രകാരം തീരുമാനിച്ചു. തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനങ്ങൾ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(3) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233-ാം വകുപ്പിൽ (ഫാക്ടറികൾ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അനുവാദം) 3-ാം ഉപവകുപ്പിൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം അപേക്ഷ നിരസിക്കുന്നതിന് അനുവാദമില്ലാത്തതാണ്. പരിസരത്തെ ജനസാന്ദ്രത മൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്തിലോ ആക്ഷേപമുണ്ടെങ്കിൽ, അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും, ഗ്രാമപഞ്ചായത്ത് അപേക്ഷയും ടി വിഷയവുമായി ബന്ധപ്പെട്ട അധികാരികളുടെ റിപ്പോർട്ടും, സെക്രട്ടറിയുടെ റിപ്പോർട്ടും പരിഗണിച്ച് അപേക്ഷ തിയതി മുതൽ

30 ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ യുക്തമെന്ന് തോന്നുന്ന മറ്റ് നിബന്ധനകൾക്ക് വിധേയമായോ അനുവദിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ തന്നെ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ തീരുമാനങ്ങൾ നിയമവ്യവസ്ഥകൾക്ക് വിരുദ്ധവും നിലനിൽക്കുന്നതല്ലായെന്നും തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2)(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് വിട്ടുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJEEVAN A P**
ഡെപ്യൂട്ടിസെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, തിരുവനന്തപുരം. (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം)
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
3. സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്, പാലക്കാട്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - I / ഓഡിറ്റ് - II ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. ഐ & പി ആർ വെബ് ന്യൂ മീഡിയ.
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർസി3/438/2022/തസ്വഭവ).

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 23-12-2022 11:31:43**

സെക്ഷൻ ഓഫീസർ